
ഹോളിഫാമിലി ഫൊറോനാ ദൈവാലയം, പൊൻകുന്നം

# തിരുക്കുടുംബം

**PARISH BULLETIN**

മംഗലവാർത്തക്കാലം

Vol.10 Issue 5



## Merry Christmas & Happy New year


25th Wedding Anniversary
Jose & Jessy
Puthupparambil
Ponkunnam


25th Wedding Anniversary
ദേവസ്യാ ആന്റണി (ബാബു) & മറിയാമ്മ ദേവസ്യാ (ലൈസാമ്മ)
ഈറ്റുവേലിൽ (കുടിലിപ്പറമ്പിൽ) പൊൻകുന്നം
ആശംസകളോടെ എബിൻ, ബോബിൻ, ജോണി

# ഉള്ളടക്കം


| | | |
|---|---|---|
| മുഖമൊഴി | – | 2 |
| ഇടയമൊഴി | – | 3 |
| വിളക്ക് | – | 5 |
| ഇടവക വിശേഷങ്ങളിലൂടെ | – | 7 |
| നിയമബോധനം | – | 13 |


## എഡിറ്റോറിയൽ ബോർഡ്


| | | | |
|---|---|---|---|
| മാനേജിംഗ് എഡിറ്റർ | – | ഫാ. ജോസഫ് വെള്ളമറ്റം | 9447867873 |
| ചീഫ് എഡിറ്റർ | – | ഫാ. എബി വാണിയപ്പുരയ്ക്കൽ | 8547280056 |
| സബ് എഡിറ്റേഴ്സ് | – | റോബിൻ കട്ടിക്കാരൻ | 9446602386 |
| | – | വർഗീസ് മുതുപ്ലാക്കൽ | 9446201068 |
| കമ്മറ്റി അംഗങ്ങൾ | – | സുനിൽ പനയ്ക്കൽ | 9387844654 |
| | | സൂസൻ വെട്ടിക്കൊമ്പിൽ | |
| | | കിറ്റിൻ ഗോൾഡ്ഹിൽ | |
| | | കുസുമം ഗോൾഡ്ഹിൽ | |



***Published by*** **: The Vicar, Holy Family Forane Church,**
**Ponkunnam. Ph: 04828- 221368**

***Layout & Printing:*** **General Offset Ponkunnam**
**Ph: 222564, 9495496974,**
**8848953287**

2018 ഡിസംബർ ലക്കം

## മുഖമൊഴി

എല്ലാ കുട്ടികളും തങ്ങളുടെ ജന്മദിനത്തിൽ മേൽത്തരം ചോക്ക്ളേറ്റുകൾ ക്ലാസ്സിൽ വിതരണം ചെയ്തപ്പോൾ അച്ഛൻ തന്നയച്ച നാരങ്ങാ മിഠായി അവൾ തന്റെ സഹപാഠികൾക്ക് കൊടുത്തു. ചിലർ ആസ്വദിച്ചു. ചിലർ കളിയാക്കി. അടുത്ത ജന്മദിനത്തിന് നല്ല സമ്മാനം വാഗ്ദാനം ചെയ്ത് ക്ഷമ ചോദിച്ച അച്ഛനോടവൾ പറഞ്ഞു "ചോക്ക്ളേറ്റിന്റെ മധുരത്തെക്കാൾ എനിക്കിഷ്ടം അച്ഛന്റെ സ്നേഹത്തിന്റെ മധുരമാണ്".

വിലമതിക്കാനാവാത്ത ബന്ധങ്ങളുടെ മൂല്യം സമ്മാനങ്ങളുടെ വലുപ്പമോ വിലയോ കൊണ്ട് നാം നിർണ്ണയിക്കരുത്. ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാനുള്ള ശ്രമങ്ങൾക്കിടയിൽ പിറക്കുന്ന ചെറിയ സമ്മാനപ്പൊതികളിൽ മനസ്സിന്റെ വലുപ്പം മക്കൾ കാണണം.

തങ്ങളുടെ ആഗ്രഹങ്ങൾ ഉപേക്ഷിച്ച് മക്കളുടെ സ്വപ്നങ്ങൾക്ക് ചിറക് മുളപ്പിക്കുന്ന മാതാപിതാക്കൾ! പിടിവാശികൾക്ക് മുന്നിൽ തങ്ങളുടെ ചെറിയ ആഗ്രഹങ്ങൾക്കോ വിശപ്പിനോ പോലും വില കൽപ്പിക്കാനാവാത്തവർ!!

വാത്സല്യത്തെ വസ്തുക്കളുടെ വിലകൊണ്ട് താരതമ്യം ചെയ്യരുത്. സ്നേഹത്തിനെ സമ്പത്തിന്റെ കിരീടമണിയിക്കാതെ സമ്പത്തിനെ സ്നേഹത്തിന്റെ കിരീടമണിയിക്കുക.

വലിയ സ്നേഹത്തോടെ ചെയ്യുന്ന ചെറിയ കാര്യങ്ങൾ വലിയ സന്തോഷവും സമാധാനവും കൊണ്ടുവരുമെന്ന് വി. മദർ തെരേസാ പറയുന്നു. സ്നേഹത്തിനു പ്രതിസമ്മാനം സ്നേഹം മാത്രമാണ്.

ചെറിയ സ്നേഹത്തോടെ വലിയ കാര്യങ്ങൾ ചെയ്യാതെ വലിയ സ്നേഹത്തോടെ ചെറിയ കാര്യങ്ങൾ ചെയ്യുവാൻ ഇന്നുതന്നെ തുടങ്ങുക. അല്ല ഇപ്പോൾത്തന്നെ തുടങ്ങുക.




ഈശോയിൽ പ്രിയ സ്നേഹിതരേ,



ക്രിസ്തുമസ്സിന്റെയും നവവത്സരത്തിന്റെയും സന്തോഷകാലത്തിലേയ്ക്ക് നാം എത്തിയിരിക്കുന്നു. നമ്മെ സംബന്ധിച്ചിടത്തോളം ഇത് നന്ദിയുടെയും ഒരുക്കത്തിന്റെയും പ്രത്യാശയുടെയും ദിനങ്ങളാണ്.

പലവിധ പ്രയാസങ്ങളുടെയും ഉത്ക്കണ്ഠകളുടെയും നടുവിലൂടെ 2018 ൽ ദൈവം നമ്മെ വഴിനടത്തി. അവിടുത്തെ സംരക്ഷണത്തിനും പരിപാലനയ്ക്കും നാം നന്ദിയുള്ളവരായിരിക്കണം. കൃതജ്ഞതാ നിർഭരമായ ഹൃദയത്തോടെ നമുക്ക് ഈ ദിവസങ്ങളിൽ ദൈവസന്നിധിയിൽ നിൽക്കാം.

ക്രിസ്തുമസ്സിന് മുമ്പുള്ള ദിവസങ്ങൾ ഒരുക്കത്തിന്റെയും കാത്തിരിപ്പിന്റെയും സമയമാണ്. മിശിഹായെ സ്വീകരിക്കാൻ സ്നാപകയോഹന്നാൻ ജനത്തെ ഒരുക്കി. സഭ നൽകുന്ന അവസരങ്ങൾ പ്രയോജനപ്പെടുത്തി ഒരുക്കത്തോടെ നമുക്ക് ക്രിസ്തുമസ്സ് ആഘോഷിക്കാം. സാധിക്കുന്ന വിധത്തിൽ ഓരോരുത്തരും ഇരുപത്തഞ്ചു നോമ്പിൽ പങ്കെടുക്കുക. നല്ല കുമ്പസാരത്തിലൂടെ ആത്മീയശുദ്ധിയും പ്രകാശവും ഉള്ളവരാകാനും കഴിവതും ഇടദിവസങ്ങളിലും വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കാനും നമുക്ക് ശ്രദ്ധ വയ്ക്കാം. ഈ വർഷം ഡിസംബർ ഒന്നു മുതലുള്ള ദിവസങ്ങളിൽ രാവിലെ 5.30 മുതൽ 6 മണിവരെ പള്ളിയിൽ പരസ്യമായ ദിവ്യകാരുണ്യ ആരാധനയും കൊന്ത നമസ്ക്കാരവും ഉണ്ടായിരിക്കും. ദൈവമാതാവായ മറിയത്തെ ഏറ്റവുമധികം ഓർമ്മിക്കുന്ന കാലമാണല്ലോ മംഗലവാർത്താക്കാലം. അമ്മയോടൊപ്പം നമുക്ക് പിറവിത്തിരുനാളിനായി ഒരുങ്ങാം.

2019 ജനുവരി 17,18,19,20 തീയതികളിലാണ് നാം ഇടവക തിരുനാൾ ആഘോഷിക്കുന്നത്. തിരുനാൾ പ്രസുദേന്തിമാരാകാൻ മുന്നോട്ടുവന്ന എല്ലാവർക്കും നന്ദി അറിയിക്കുന്നു. ഇനിയും

ഏതാനും പേർക്കുകൂടി അവസരം ഉണ്ടെന്ന് അറിയിക്കുകയും ചെയ്യുന്നു.

പിറവിത്തിരുനാളിന്റെ അനുഗ്രഹങ്ങളും പുതുവത്സരത്തിന്റെ സന്തോഷവും എല്ലാവർക്കും നേർന്നുകൊള്ളുന്നു.

സ്നേഹത്തോടെ,

ഫാ. ജോസഫ് വെള്ളമറ്റം (വികാരിയച്ചൻ)


# S.M. SWEETS

**PONKUNNAM**

**ഉണ്ണിയപ്പം ഓർഡർ അനുസരിച്ച് ചെയ്തു കൊടുക്കപ്പെടും**

**Ph: 9847839339**
**9745515837**


*ഇടവക ബുള്ളറ്റിനിൽ പരസ്യങ്ങൾ നൽകി സഹകരിക്കാൻ ആഗ്രഹിക്കുന്നവർ ബഹു. വികാരിയച്ചനെയോ കൊച്ചച്ചനെയോ* ***സമീപിക്കുക***

## വിളക്ക്



ഈശോമിശിഹായിൽ സ്നേഹമുള്ളവരേ,

സർവ്വലോകത്തിനും വേണ്ടിയുള്ള സന്തോഷത്തിന്റെ സദ്വാർത്തയുമായി നമ്മിലൊരുവനെപ്പോലെ നമ്മോടൊപ്പമായിരിക്കുവാൻ മനുഷ്യനായി അവതരിച്ച ദൈവപുത്രന്റെ പിറവിത്തിരുന്നാളിനായി നാം ഒരുങ്ങുകയാണ്. എത്രമാത്രം ആഗ്രഹത്തോടുകൂടി അവനുവേണ്ടി ഹൃദയകവാടം തുറന്നിടുവാൻ ഞാൻ ആഗ്രഹിക്കുന്നുണ്ട്? എന്റെ ഹൃദയത്തിൽ വന്നു പിറക്കുവാൻ ആഗ്രഹിക്കുന്ന ഈശോയെ കൂടെ കൊണ്ടുനടക്കുവാൻ ഞാൻ തയ്യാറാണോ?

ഒരിക്കൽ മത്തായിച്ചേട്ടനും മറിയാമ്മച്ചേടത്തിയും ഒരു കരിസ്മാറ്റിക് ധ്യാനംകൂടി നല്ലൊരു കുടുംബജീവിതം നയിക്കുവാൻ തീരുമാനമെടുത്തു. ധ്യാനം കഴിഞ്ഞ് വീട്ടിൽ വന്നു. സന്ധ്യാപ്രാർത്ഥനയിൽ മുട്ടുകുത്തി നിന്ന് കൈകൾ വിരിച്ചുപിടിച്ച് പ്രാർത്ഥിച്ചു. കർത്താവേ വേഗം വരണമെ, ഞങ്ങളോടൊത്ത് വസിക്കണമെ. പിറ്റെ ദിവസം ഒരു കോളിംഗ് ബെൽ കേട്ടുകൊണ്ടാണ് രണ്ടുപേരും എണീറ്റത്. അതാ ഈശോ വന്ന് വാതിൽക്കൽ നിൽക്കുന്നു. വലിയ സന്തോഷത്തോടെ ഈശോയെ സ്വീകരിച്ച് അകത്തിരുത്തി. ഈശോ ഇത്രയും പെട്ടെന്ന് വരുമെന്ന് അവർ കരുതിയില്ല. ഈശോയെ ഒരു അതിഥിയായി അവർ സ്വീകരിച്ചു. ടി.വി. വച്ചു കൊടുത്തു. ഉച്ചക്ക് സദ്യ കഴിച്ചു. വൈകുന്നേരം ഒന്നിച്ചിരുന്ന് കുടുംബ പ്രാർത്ഥന. ഈശോയൊടൊത്തുള്ള ജീവിതം വലിയ സന്തോഷം രണ്ടുപേർക്കും നൽകി. മത്തായിച്ചേട്ടന്റെ കൂട്ടുകാർ എന്നും വൈകുന്നേരം വീട്ടിൽ വരുമായിരുന്നു. അതുപോലെ മറിയാമ്മച്ചേടത്തിയുടെ കൂട്ടുകാരായ അയൽപക്കത്തെ ചേട്ടത്തിമാരും എന്നും വീട്ടിൽ വരുമായിരുന്നു. ഈശോയുള്ളതുകൊണ്ട് അവരുടെ വരവൊക്കെ ഇവർ തടഞ്ഞു. എല്ലാം

ഈശോയ്ക്കുവേണ്ടി മാറ്റിവെച്ചു. അങ്ങനെ ഞായറാഴ്ചയായി ഈശോയെ പള്ളിയിൽ കൊണ്ടുപോകുവാൻ തീരുമാനിച്ചു. കണ്ട വരൊക്കെ ഈശോയ്ക്ക് സ്തുതി ചൊല്ലി. വികാരിയച്ചൻ വളരെ ഭക്തിപൂർവ്വം വി. കുർബ്ബാന അർപ്പിച്ചു. കാരണം വി. കുർബ്ബാന സ്ഥാപിച്ചവനാണ് വന്നിരിക്കുന്നത്. കുർബ്ബാന കഴിഞ്ഞു. മത്താ യിച്ചേട്ടൻ അച്ചനെ സമീപിച്ചു. അച്ചൻ പറഞ്ഞു, പൊതുയോഗം നടക്കുകയാണ്. അവിടെ എന്താ നടക്കുന്നതെന്ന് ഈശോ കാണണ്ടാ എന്നു പറഞ്ഞ് ഈശോയെ പറഞ്ഞയച്ചു. വീട്ടിൽ വന്നപ്പോൾ രണ്ടുപേർക്കും വലിയ സങ്കടം. പഴയതുപോലെ കാര്യ ങ്ങൾ ഒന്നുംതന്നെ നടക്കുന്നില്ല. ഈശോ കൂടെയുള്ളതുകൊണ്ട് പലതും ത്യജിക്കേണ്ടി വരുന്നു. അവർ വലിയൊരു അലമാര വാങ്ങി ഈശോയെ അതിൽ പൂട്ടിയിട്ടു. ജീവിതം പഴയപടിയായി. അലമാര കാണുമ്പോൾ ഒരു സങ്കടം. ഒന്ന് കുമ്പിട്ട് കടന്നുപോകും.

പ്രിയമുള്ളവരേ, ഈശോയെ ഹൃദയത്തിൽ സ്വീകരിക്കു ന്നവരാണ് നമ്മൾ. എന്നാൽ ഈ ഈശോയെ കൂടെക്കൊണ്ടു നടക്കുവാൻ നാം മടിക്കുന്നു. അവൻ ഹൃദയത്തിൽ ആയിരിക്കു മ്പോൾ അവൻ പറയുന്നത് കേൾക്കുവാനും അതനുസരിച്ച് പ്രവർത്തിക്കുവാനും നമ്മൾ തയ്യാറാവുന്നില്ല. അതുകൊണ്ട് ആഗ തമാകുന്ന ഈശോയുടെ പിറവിത്തിരുനാളിന് ഒരുങ്ങുമ്പോൾ നമ്മുടെ ഉള്ളിൽ വന്ന് പിറക്കാനാഗ്രഹിക്കുന്ന, നമ്മോടൊപ്പമാ യിരിക്കാനാഗ്രഹിക്കുന്ന ഉണ്ണീശോയെ ഇരു കരങ്ങളും നീട്ടി സ്വീക രിക്കുവാൻ തയ്യാറാകാം. ഹൃദയ കവാടം അവനുവേണ്ടി തുറ ന്നിടാം. അവനെ തിരസ്ക്കരിക്കാതെ, തള്ളിക്കളയാതെ കൂടെ ക്കൊണ്ടു നടക്കുവാൻ നമുക്ക് പരിശ്രമിക്കാം.

പിറവിത്തിരുനാളും പുതുവത്സരവും ദൈവാനുഗ്രഹ പൂർണ്ണമായിരിക്കട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

സ്നേഹത്തോടെ, കൊച്ചച്ചൻ
**ഫാ. എബി വാണിയപ്പുരയ്ക്കൽ**



# ഇടവക വിശേഷങ്ങളിലൂടെ

## സൺഡേ സ്കൂൾ

1. **മിഷൻ സന്ദേശ്**

   മിഷൻ ഞായറിനോടനുബന്ധിച്ച് ഒക്ടോബർ 28 ന് സൺഡേ സ്ക്കൂൾ കുട്ടികൾ വിവിധ ഗ്രൂപ്പുകളായിത്തിരിഞ്ഞ് ഇടവകയിലെ എല്ലാ വീടുകളിലും സന്ദർശനം നടത്തി. കൂട്ടായ്മാടിസ്ഥാനത്തിൽ വീടുകൾ സന്ദർശിച്ച കുട്ടികൾ ഓരോ ഭവനത്തിലും എത്തി പ്രാർത്ഥിക്കുകയും പൂമറ്റം സെൻ്റ് തോമസ് ഇടവക ദൈവാലയ നിർമ്മാണത്തിനുള്ള ഫണ്ട് സ്വരൂപിക്കുകയും ചെയ്തു. ഈ പരിപാടിക്ക് നേതൃത്വം നൽകിയ എല്ലാവർക്കും പ്രത്യേകിച്ച്, നമ്മുടെ ഇടവകയിലെ എല്ലാ കൂട്ടായ്മാ ലീഡർമാർക്കും നന്ദി അറിയിച്ചുകൊള്ളുന്നു.

2. **മതാദ്ധ്യാപക ദിനം**

   വി. ചാൾസ് ബോറോമിയോയുടെ തിരുനാൾ ദിനമായ നവംബർ 4 ന് മതാദ്ധ്യാപകദിനം സമുചിതം ആചരിച്ചു.

3. **ലൈഫ്ലൈൻ ക്യാമ്പ്**

   സൺഡേസ്ക്കൂളിൽ 8-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടി രൂപതാ വിശ്വാസ പരിശീലന കേന്ദ്രത്തിൻ്റെ ആഭിമുഖ്യത്തിലുള്ള ലൈഫ്ലൈൻ ക്യാമ്പ് നവംബർ 10, 11 തീയതികളിൽ ആനക്കല്ല് സെൻ്റ് ആൻ്റണീസ് പബ്ലിക്ക് സ്കൂളിൽ വച്ച് നടന്നു. നമ്മുടെ സൺഡേസ്ക്കൂളിലെ 30 കുട്ടികൾ പങ്കെടുത്തു.

4. **കാവൽ വിളക്ക്**

   സൺഡേസ്ക്കൂളിൽ 10,11, 12 ക്ലാസ്സിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്കുവേണ്ടി രൂപതാ തലത്തിൽ സംഘടിപ്പിച്ച കാവൽവിളക്ക് എന്ന പരിശീലന പരിപാടി നവംബർ 20ന് നടന്നു.

5. **അഭിനന്ദനങ്ങൾ**

ലോഗോസ് ക്വിസ് രൂപതാതല മത്സരത്തിൽ രണ്ടാം സ്ഥാനം നേടിയ നമ്മുടെ സൺഡേസ്ക്കൂൾ അദ്ധ്യാപികയായ ബിന്ദു തേക്കുംതോട്ടത്തിലിന് അഭിനന്ദനങ്ങൾ!

ചെറുപുഷ്പമിഷൻലീഗ് പൂവരണി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തിയ 'എലയോസ് 2018' എന്ന അഖില കേരളാ ബൈബിൾ ക്വിസ് മത്സരത്തിൽ രണ്ടാം സ്ഥാനം നേടിയ പന്തിരുവേലിൽ അന്നാ മാത്യു, മരിയ മാത്യു എന്നിവർക്ക് അഭിനന്ദനങ്ങൾ!

***റോബിൻ കട്ടിക്കാരൻ*** (ഹെഡ്മാസ്റ്റർ)

## മാതൃവേദി

1. ചികിത്സാ സഹായമായി 20,000/- രൂപയും വിവാഹ സഹായമായി 15,000/-രൂപയും ദുരിതാശ്വാസ സഹായമായി 9,000/- രൂപയും നൽകി. മാതൃവേദിയുടെ വാർഷികവും വിവാഹത്തിന്റെ 25 ഉം 50 ഉം വർഷ ജൂബിലി ആഘോഷിക്കുന്നവരെ ആദരിക്കലും ഡിസംബർ 9-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് അൽഫോൻസാ അജപാലന ഹാളിൽ വച്ച് നടത്തപ്പെടുന്നതാണ്.
2. മാതൃവേദി രൂപതാ ബൈബിൾ ക്വിസിൽ 3-ാം സ്ഥാനം നേടിയ ഷാന്റി മാത്യു പന്തിരുവേലിയ്ക്കും ലോഗോസ് ക്വിസ് രൂപതാതല മത്സരത്തിൽ 2-ാം സ്ഥാനം നേടിയ ബിന്ദു റ്റിജോ തേക്കുംതോട്ടത്തിലിനും അഭിനന്ദനങ്ങൾ!!!

**ബിന്ദു റ്റിജോ തേക്കുംതോട്ടം (സെക്രട്ടറി)**

## പിതൃവേദി

പിതൃവേദിയുടെ കമ്മറ്റി മീറ്റിംഗ് ഒക്ടോബർ 11 നും നവംബർ 8 നും കൂടുകയുണ്ടായി. മ്യൂച്ചൽ ബെനഫിറ്റ് ഫണ്ടിന്റെ പ്രതിമാസ

കളക്ഷനും നറുക്കെടുപ്പും നടത്തി. എം.ബി.എഫ്-ന്റെ രണ്ടാം നമ്പർ തുടങ്ങുന്നതിന് അംഗങ്ങളുടെ അപേക്ഷകൾ സ്വീകരിച്ചു തുടങ്ങി.

*റ്റി.എം. മാത്തുക്കുട്ടി തൊമ്മിത്താഴെ (സെക്രട്ടറി)*

## യുവദീപ്തി - S.M.Y.M

1. **ശുചിത്വമിഷൻ**

പ്രളയബാധിത പ്രദേശമായ റാന്നിയിൽ ഒരാഴ്ച നീണ്ടുനിന്ന ശുചീകരണ പ്രവർത്തനങ്ങൾ യുവദീപ്തി അംഗങ്ങളുടെ നേതൃത്വത്തിൽ നടത്തി.

2. **പിറന്നാൾ ആഘോഷം**

നവം. 4 ന് അസി. വികാരി എബി വാണിയപ്പുരയ്ക്കലച്ചന്റെ പിറന്നാൾ യുവദീപ്തി അംഗങ്ങൾ കേക്ക് മുറിച്ച് ആഘോഷിച്ചു.

3. **പ്രത്യാശ 2018**

നവംബർ 28 ന് പൊടിമറ്റത്തുവച്ചു നടന്ന ഏകദിന രൂപതാ കൺവെൻഷനിൽ പൊൻകുന്നം യുവദീപ്തിയിൽ നിന്നും ഏഴ് അംഗങ്ങൾ പങ്കെടുത്തു.

## കത്തോലിക്കാ കോൺഗ്രസ്

ഇടവക ചരിത്ര പ്രസിദ്ധീകരണത്തിനുള്ള വിവരശേഖരണത്തിനും, പരസ്യങ്ങൾക്കുമായി ഭവന സന്ദർശനം നടത്തിക്കൊണ്ടിരിക്കുന്നു. നവംബർ മാസം 25-ാം തീയതി ഫൊറോനാതല സംഗമം പൊൻകുന്നത്തുവച്ച് നടന്നു. തദവസരത്തിൽ ചെറുതേനീച്ച വളർത്തലും, അക്വാപോണിക് കൃഷി രീതിയെയും സംബന്ധിച്ച് വിദ്ധരുടെ നേതൃത്വത്തിൽ പരിശീലന ക്ലാസ്സും നടന്നു.

**ജോസ് മാനുവൽ, വട്ടയ്ക്കാട്ട്** (സെക്രട്ടറി)

## അസോവ

സംഘടനയുടെ പ്രതിമാസ ബോർഡ് മീറ്റിംഗ് 30–10–18 ചൊവ്വാഴ്ച 7 പി.എം. ന് ബോർഡ് മെമ്പർ ജോസ് തോട്ടത്തിലിന്റെ ഭവനത്തിൽ നടത്തപ്പെട്ടു. ബഹു. ഡയറക്ടറച്ചൻ ജോസഫ് വെള്ള മറ്റം, ഫാ. തോമസ് ഈറ്റോലിൽ, അസി. വികാർ ഫാ. എബി വാണി യപ്പുരയ്ക്കൽ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടന്ന യോഗത്തിൽ പ്രസിഡന്റ് എ.റ്റി. ജോസഫ് അത്യാലിൽ അദ്ധ്യക്ഷത വഹിച്ചു. പ്രാരംഭ പ്രാർത്ഥനയ്ക്കും അദ്ധ്യക്ഷ പ്രസംഗത്തിനും ശേഷം സെക്ര ട്ടറി അവതരിപ്പിച്ച റിപ്പോർട്ട് അംഗീകരിച്ചു.

സംഘടനയുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന 'റിക്രിയേഷൻ & ഹെൽത്ത് ക്ലബ്ബിനെ സംബന്ധിച്ച് നിയുക്ത കമ്മറ്റി തയ്യാറാക്കിയ റിപ്പോർട്ട് സെക്രട്ടറി അവതരിപ്പിച്ചു. അംഗങ്ങളുടെ ഭാഗത്തുനിന്നു ലഭിച്ച പുതിയ നിർദ്ദേശങ്ങളും ഉൾപ്പെടുത്തി റിപ്പോർട്ട് ഏകകണ്ഠമായി അംഗീകരിച്ചു. എല്ലാ ഗെയിംസ് (ഇൻഡോർ & ഔട്ട്ഡോർ) ഇനങ്ങൾക്കും ലേഡീസിനും ജെന്റ്സിനും പ്രത്യേകം പ്രത്യേകം സമ യക്രമം ഉണ്ടായിരിക്കുമെന്ന വസ്തുത റിപ്പോർട്ടിൽ എടുത്തു പറ ഞ്ഞിട്ടുണ്ട്. സ്ഥല ലഭ്യതയ്ക്കു വിധേയമായിട്ടായിരിക്കും പ്രസ്തുത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുക.

എം.ബി.എഫ്. സ്കീമിന്റെ 15–ാമത്തെ നറുക്കെടുപ്പിൽ വിജ യിയായത് മേരിക്കുട്ടി ചാക്കോ തടത്തേലാണ്. ബോർഡ് മെമ്പർ ജോസ് തോട്ടത്തിലിന്റെ ജന്മദിനവാർഷികവും അന്നേ ദിവസം സമു ചിതമായി ആഘോഷിച്ചു. യോഗ നടപടികൾ രാത്രി 9 ന് സമാപിച്ചു.

*പി.സി. ചാക്കോ പുളിക്കൽ (സെക്രട്ടറി)*

## വിൻസെൻഷ്യൻ വേദി

ദത്ത് കുടുംബങ്ങൾക്ക് സ്ഥിരമായി നൽകിവരുന്ന സഹാ യങ്ങൾക്കു പുറമെ, 4 വ്യക്തികൾക്ക് ചികിത്സാ സഹായമായി


17000/- രൂപയും ഭക്ഷ്യ സഹായമായി 3 വ്യക്തികൾക്ക് 5000/- രൂപയും വിദ്യാഭ്യാസത്തിനായി 4 വിദ്യാർത്ഥികൾക്ക് 22000/- രൂപയും വിവാഹത്തിനായി ഒരു വ്യക്തിക്ക് 5000/- രൂപയും ചെലവഴിച്ചു.

**തോമസ് നരിതൂക്കിൽ (സെക്രട്ടറി)**

## ചെറുപുഷ്പ മിഷൻലീഗ്

1. പത്രക്കളക്ഷൻ നടത്തി.
2. മിഷൻ ഞായറിനോടനുബന്ധിച്ച് ഒക്ടോബർ 28 ന് ഇടവകയിലെ എല്ലാ വീടുകളിലും സന്ദർശനം നടത്തി, പൂമറ്റം സെന്റ് തോമസ് ഇടവക ദൈവാലയ നിർമ്മാണത്തിനുള്ള ഫണ്ട് സ്വരൂപണത്തിൽ മിഷൻലീഗ് അംഗങ്ങൾ പങ്കാളികളായി.

**ഷെറി മോളോപ്പറമ്പിൽ (ഓർഗനൈസർ)**



## സി. വൈ. എം. എ.

1 ഒക്ടോബർ 12 ന് സംഘടനാ നേതൃത്വത്തിൽ നടന്ന വേളാങ്കണ്ണി തീർത്ഥാടനത്തിൽ അസി. ഡയറക്ടർ ഫാ. എബി വാണിയപ്പുരയ്ക്കലിനോടൊപ്പം നൂറിൽപ്പരം ആളുകൾ പങ്കെടുത്തു.

2. സംഘടനാ നേഴ്സറി സ്ക്കൂളിന്റെ ജൂബിലി ആഘോഷം മാർച്ച് അവസാനം നടത്തുവാൻ തീരുമാനിച്ചു. അതിന്റെ ആലോചനകൾക്കായി പ്രസിഡന്റിന്റെ നേതൃത്വത്തിൽ ഒരു കമ്മറ്റി രൂപീകരിച്ചു.
3. നേഴ്സറി ആവശ്യത്തിലേയ്ക്കായി ഒരു പുതിയ ടെലിവിഷൻ വാങ്ങിക്കുവാൻ തീരുമാനിച്ചു.
4. സി.വൈ.എം.എ. യുടെ നേതൃത്വത്തിൽ പള്ളിയുടെ സീലിംഗ് ഭാഗവും ഫാനും വൃത്തിയാക്കി. 30 ൽപ്പരം അംഗങ്ങൾ പങ്കെടുത്തു.

***ജോജി മണിയങ്കേരിൽ** (സെക്രട്ടറി)*



## തിരുസ്സഭയിലെ നവസൂനങ്ങൾ

1. ജോസഫ് കളപ്പുരയ്ക്കൽ
2. ട്രീസാ തേക്കുംതോട്ടത്തിൽ
3. സെബാസ്റ്റ്യൻ കുരിയിങ്കൽ
4. റോസ് കളത്തൂർ
5. ട്രീസാ ഏർത്തയിൽ
6. ജേക്കബ് കുഴിക്കാട്ട്
7. ഐറിൻ അന്ന പുളിക്കൽ
8. മൈക്കിൾ കളപ്പുരയ്ക്കൽ
9. മരിയ പൂമംഗലം

10 മേരി കുഴിപ്പള്ളിൽ

11. ബ്രിജിറ്റ് പൂലാനിമറ്റത്തിൽ
12. അൽഫോൻസ് വരകിൽ
13. വർഗ്ഗീസ് ചിറയിൽ
14. മരിയ കൊച്ചുപറമ്പിൽ
15. എലിസബത്ത് മരിയാംകുന്നേൽ
16. അന്ന പള്ളിപ്പറമ്പിൽ
17. മൈക്കിൾ കറിക്കാട്ടുകുന്നേൽ
18. അന്ന കാവുങ്കൽ
19. ജോസഫ് കുരീക്കാട്ട്
20. വിൻസെന്റ് പാത്രപാങ്കൽ
21. തോമസ് കിളിരൂപ്പറമ്പിൽ
22. തെരേസാ വട്ടപ്പാറയിൽ
23. തോമസ് കളരിക്കൽ
24. ആന്റണി പടിയറ

## ഓർമ്മകളിലേയ്ക്ക്

1. ദേവസ്യാ വെട്ടിക്കുന്നേൽ
2. പെണ്ണമ്മ ആര്യംകുളത്ത്
3. റോസമ്മ ഇലവുങ്കൽ
4. എം.പി. ചാക്കോ മൈലാടുംപാറ
5. പാപ്പച്ചി പുതുപ്പറമ്പിൽ
6. ത്രേസ്യാമ്മ അയിലൂപ്പറമ്പിൽ
7. മേരിക്കുട്ടി തോമസ് സിന്ധുവില്ല



## നമ്മൾ ഒന്നായി

1. സുബിൻ - എമി - പുരയിടത്തിൽ
2. അരുൺ - രേഷ്മ - വഴുതനപ്പള്ളിൽ
3. ഷാജി - ഐശ്വര്യ - ചിറയിൽ
4. എബിൻ - രേഷ്മ - പനയ്ക്കൽ ബംഗ്ലാവ്
5. ഷിജോ - ജുമി - വരകിൽ

**ബോബൻ മണ്ണാറാത്ത്**
അഡ്വക്കേറ്റ് & നോട്ടറി പബ്ലിക്ക്, പൊൻകുന്നം. 9447 525 615

# കേരള റവന്യൂ റിക്കവറി നിയമം

വസ്തു സംബന്ധമായി സർക്കാരിൽ അടയ്ക്കേണ്ട എല്ലാ നികുതികളും കേരള റവന്യൂ റിക്കവറി നിയമത്തിന്റെ പരിധിയിൽ വരും. സർക്കാരിന് കൊടുക്കേണ്ട മറ്റ് നികുതികളും ഈ നിയമമനുസരിച്ച് ഈടാക്കാമെന്നും ആ നികുതിയെ സംബന്ധിച്ച് നിയമങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഏതെങ്കിലും സ്ഥാപനങ്ങൾക്ക് ഈടാകേണ്ട കുടിശ്ശിക ഈ നിയമപ്രകാരം ഈടാക്കിയെടുക്കുന്നതിന് അധികാരപ്പെടുത്തി കൊണ്ട് സർക്കാരിന് വിജ്ഞാപനം പുറപ്പെടുവിക്കാം. പലയിനം വായ്പകളും തിരിച്ചടയ്ക്കാതെ വീഴ്ച വരുത്തിയാൽ ഈ നിയമ പ്രകാരമാണ് നടപടികൾ നടത്തുന്നത്.

റവന്യൂ റിക്കവറി ആക്ടനുസരിച്ച് നാലുതരത്തിലാണ് തുക ഈടാക്കുന്നത്.

1. കുടിശ്ശകക്കാരനെ അറസ്റ്റ് ചെയ്ത് തടവിൽ പാർപ്പിക്കുക.
2. കുടിശ്ശികക്കാരന്റെ സ്ഥാവര സ്വത്തുക്കൾ ജ്പതി ചെയ്തു ലേലത്തിൽ വിൽക്കുക.
3. സ്ഥാവര വസ്തുക്കളുടെ ഭരണത്തിന് ഏജന്റിനെ നിയമിക്കുക.
4. കുടിശ്ശികക്കാരന്റെ ജംഗമസ്വത്തുക്കൾ ജപ്തി ചെയ്തു ലേലത്തിൽ വിൽക്കുക.

കുടിശ്ശികക്കാരന്റെ ജംഗമസ്വത്തുക്കൾ ജപ്തി ചെയ്യുന്നതിന് സ്ഥലത്തു ചെല്ലുമ്പോഴാണ് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ രേഖാമൂലമുള്ള ഡിമാന്റ് നോട്ടീസ് കുടിശ്ശിക ക്കാരനെ കാണിക്കുന്നത്. അതിനുമുൻപ് നോട്ടീസ് കൊടുത്താൽ ജംഗമങ്ങൾ മാറ്റുന്നതിനിടയുണ്ട്. ഡിമാൻഡനുസരിച്ചുള്ള തുക കൊടുക്കാതെയിരുന്നാൽ സാധനങ്ങൾ അധീനതയിലെടുത്ത് ജപ്തി ചെയ്യേണ്ടതാണ്. ജപ്തിക്കുശേഷം ഡിമാൻഡ് നോട്ടീസിന്റെ പകർപ്പ് കുടിശ്ശികക്കാരന് കൊടുക്കണം. കൂടാതെ ജപ്തി ചെയ്തിട്ടുള്ള സാധനങ്ങളുടെ ലിസ്റ്റും അതിൽ കാണിച്ചിരിക്കണം. സ്ഥലത്തുള്ള രണ്ടു മാന്യ വ്യക്തികളുടെ

സാന്നിദ്ധ്യത്തിലായിക്കണം ജപ്തി നടത്തുന്നത്.

**ജപ്തിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ള സംഗതികൾ**

1. പൂജയോ ആരാധനയോ നടത്തുന്നതിന് അത്യാവശ്യമായ സാധനങ്ങൾ.
2. ഒരാളുടെ ദേഹത്ത് കാണപ്പെടുന്നതും ആചാരമനുസരിച്ച് അന്യാധീനപ്പെടുത്താവാൻ പാടില്ലാത്തതുമായ താലി, വിവാഹ മോതിരം മുതലായ ആഭരണങ്ങൾ.
3. സാധാരണ ഉപയോഗത്തിലുള്ള ഉടുതുണികൾ
4. കൃഷിയായുധങ്ങൾ, ഉഴവു നടത്തുന്നതിനുള്ള കന്നുകാലികളുടെ എണ്ണത്തിൽ നാലിലൊന്ന് .
5. കൈത്തൊഴിൽ പണിക്കാരുടെ ഉപകരണങ്ങൾ
6. സർക്കാർ വിജ്ഞാപനം മൂലം ഒഴിവാക്കപ്പെടുന്ന മറ്റു സാധനങ്ങൾ.

സൂര്യോദയത്തിനും അസ്തമനത്തിനും ഇടയ്ക്കുള്ള പകൽ സമയത്തു മാത്രമേ ജപ്തി നടത്താവൂ. ജപ്തി നടത്തിക്കഴിഞ്ഞാൽ സാധനങ്ങൾ പരസ്യമായി ലേലത്തിൽ വിൽക്കേണ്ടതാണ്. ലേലം നടത്തുന്ന സമയവും സ്ഥലങ്ങളും മറ്റു പ്രസക്ത വിവരങ്ങളും കാണിക്കുന്ന നോട്ടീസ് കുടിശ്ശികക്കാരനു കൊടുത്തതിനുശേഷം മാത്രമാണ് ലേലം ചെയ്യുന്നത്. അപ്രകാരം നോട്ടീസ് നൽകി 15 ദിവസം കഴിഞ്ഞു മാത്രമേ ലേലം നടത്താവൂ. എന്നാൽ പെട്ടെന്നു ചീത്തയായിപ്പോകുന്ന സാധനങ്ങളാണെങ്കിൽ 15 ദിവസം കഴിയണമെന്നില്ല. വിളവ് ജപ്തി ചെയ്യുമ്പോൾ അതിനു മുമ്പായി ഡിമാൻഡ് നോട്ടീസ് ആ വസ്തുവിന്റെ ഏതെങ്കിലും ഭാഗത്ത് പതിക്കേണ്ടതാണ്.

തക്കതായ കാരണങ്ങളുണ്ടെങ്കിൽ ലേലം മാറ്റിവയ് ക്കുന്നതിന് ലേലം നടത്തുന്ന ഉദ്യോഗസ്ഥന് അധികാരമുണ്ടായിരിക്കും. ആദ്യ ലേലത്തിന്റെ തീയതിയിൽ നിന്നും 60 ദിവസങ്ങൾക്കമായിട്ടാണ് ലേലം മാറ്റിവയ്ക്കുന്നതെങ്കിൽ രണ്ടാമത്തെ ലേലതീയതി നിയമാനുസൃതം പരസ്യപ്പെടുത്തേണ്ടതാണ്. 60 ദിവസങ്ങൾ കഴിഞ്ഞാണ് മാറ്റിവെച്ച ലേലം നടത്തുവാൻ തീർച്ചയാക്കുന്നതെങ്കിൽ ലേലം ചെയ്യുന്നതിനു മുമ്പായി ആദ്യം മുതലേയുള്ള നടപടികൾ വീണ്ടും നടത്തേണ്ടതാണ്. അപ്രകാരം മാറ്റിവയ്ക്കുന്നതിന് ആളുകൾ ഇല്ലാതെ വരികയോ ലേലം

വിളിക്കുന്ന തുക അപര്യാപ്തമാകുകയോ ചെയ്താൽ ലേലം അടുത്ത 60 ദിവസങ്ങൾക്കകമുള്ള ഒരു തീയതിയിലേക്കു മാറ്റാവുന്നതാണ്.
എന്നാൽ ജപ്തി മുതലുകൾ അന്യരുടെയാണെങ്കിൽ ലേലത്തിൽ വിൽക്കുന്ന ഉദ്യോഗസ്ഥനെതിരായി സവിൾ കോടതിയിൽ വ്യവഹാരം കൊടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സാധനങ്ങളുടെ വിലയും പലിശയും ചെലവുകളും നഷ്ടവും ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കാം.

സ്ഥാവര വസ്തുക്കൾ ലേലം ചെയ്തു കഴിഞ്ഞ് മുപ്പതു ദിവസങ്ങൾക്കകമായി മുഴുവൻ തുകയും 5% കൂടുതൽ തുകയും ചേർത്ത് കെട്ടിവച്ചാൽ ലേലം അസ്ഥിരപ്പെടുത്താം. ലേലം നടത്തുന്നതിൽ ഗുരുതരമായ എന്തെങ്കിലും ക്രമക്കേടോ പിശകോ സംഭവിച്ചി ട്ടുണ്ടെങ്കിൽ ആ കാരണത്തിന്മേലും ലേലം അസ്ഥിര പ്പെടുത്താവുന്നതാണ്. ലേലം അസ്ഥിരപ്പെടുത്തുവാനുള്ള അപേക്ഷകൾ ഒന്നും നിലവിലില്ലെങ്കിൽ 30ദിവസങ്ങൾ കഴിഞ്ഞാൽ ലേലം സ്ഥിരപ്പെടുത്തി ഉത്തരവുണ്ടാകുകയും ലേലത്തിൽ പിടിച്ച വസ്തു ലേലക്കാരന്റെ പേരിൽ രജിസ്റ്റർ ചെയ്തു കൊടുക്കുകയുംചെയ്യുന്നു. ഇപ്രകാരം കിട്ടുന്ന സർട്ടിഫിക്കറ്റ് വസ്തുവിലുള്ള അവകാശം തെളിയിക്കുന്ന രേഖയാണ്. എന്നാൽ വസ്തു കൈവശം കിട്ടണമെങ്കിൽ ആ സർട്ടിഫിക്കേറ്റ് രജിസ്ട്രേഷൻ നിയമപ്രകാരം രജിസ്റ്റർ ചെയ്തിരിക്കേണ്ടതാണ്. ഒരു കോടതിയിൽ നിന്നും പാസ്സാക്കുന്ന ഡിക്രി നടത്തി വസ്തു കൈവശം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് കളക്ടർക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കും അധികാരം കൊടുത്തിട്ടുണ്ട്. അതിനിടയിൽ എന്തെങ്കിലും തടസ്സമുണ്ടായാൽ ആയത് ഒഴിവാക്കി കൈവശം കൊടുക്കേണ്ടതാണ്. വസ്തു കൈവശം കിട്ടുന്നതിന് ലേലം സ്ഥിരപ്പെടുത്തി ഒരു കൊല്ലത്തിനകമായി അപേക്ഷിക്കണം. രണ്ടു കൊല്ലത്തിനകമായി കൊടുക്കുന്ന അപേക്ഷകളും കളക്ടർക്കു പരിഗണിക്കാം. അടുത്ത ബന്ധുക്കൾക്കോ തുച്ഛമായ പ്രതിഫലത്തിനോ കുടിശ്ശികക്കാരന്റെ വസ്തു കൈമാറ്റം ചെയ്താൽ ആ കൈമാറ്റം മറിച്ചു തെളിയിക്കപ്പെടുന്നതുവരെ സർക്കാരിനെ കബളിപ്പിക്കപ്പെടുന്നതിനു ചെയ്തതാണെന്നു പരിഗണിച്ച് ജപ്തി നടപടികൾ സ്വീകിക്കാവുന്നതാണ്. അന്യരുടെ വസ്തുക്കളാണ് ജപ്തി ചെയ്യുവാൻ ഇടയാകുന്ന

തെങ്കിൽ യഥാർത്ഥ ഉടമയ്ക്കു ജപ്തി ചെയ്തു 14 ദിവസങ്ങൾക്കകം തർക്കം കൊടുക്കാവുന്നതാണ്. കുടിശ്ശികക്ക് വിവാദവസ്തു ജപ്തി ചെയ്യത്തക്കതല്ലെന്നു കണ്ടാൽ യഥാർത്ഥ ഉടമയുടെ അവകാശം അംഗീകരിച്ച് ജപ്തി വിടുതൽ ചെയ്യേണ്ടതാണ്.

താഴെപ്പറയുന്ന സാഹചര്യങ്ങളിൽ കുടിശ്ശികക്കാരനെയും ജാമ്യക്കാരെയും അറസ്റ്റ് ചെയ്ത് സിവിൾ ജയിലിൽ പാർപ്പിക്കുന്നതിന് ഉത്തരവിടാവുന്നതാണ്.

1. കുടിശ്ശക്കാരനോ ജാമ്യക്കാരനോ കുടിശ്ശിക മനപൂർവ്വം കൊടുത്തു തീർക്കാതിരിക്കുക.
2. സർക്കാരിനെ കബളിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി വസ്തു മുഴുവനായോ ഭാഗികമായോ അന്യർക്കു കൈമാറ്റം ചെയ്യുക.
3. കുടിശ്ശിക അടയ്ക്കാതെ കഴിയുന്നതിനുവേണ്ടി വഞ്ചനാപരമായ പ്രവൃത്തികൾ ചെയ്തുവെന്നു തെളിയുക.
4. കുടിശ്ശിക അടച്ചു തീർക്കുന്നതിനു പ്രാപ്തി ഉണ്ടായിട്ടുകൂടി കുടിശ്ശിക കൊടുക്കുന്നതിനു വിസമ്മതിക്കുകയോ മനഃപൂർവ്വം വീഴ്ച വരുത്തുകയോ ചെയ്യുക.
5. കുടിശ്ശികക്കാരന്റെയും ജാമ്യക്കാരന്റെയും വസ്തുക്കൾ ലേലത്തിൽ വിറ്റു കിട്ടിയ തുക ബാദ്ധ്യത തീർക്കുന്നതിന് അപര്യാപ്തമായി വരിക.

മേൽ പറഞ്ഞ സാഹചര്യങ്ങളിൽ അറസ്റ്റ് ചെയ്യുവാൻ ഉത്തരിവടുന്നതിനു മുമ്പായി അറസ്റ്റ് ചെയ്യാതിരിക്കുന്നതിനു കാരണമുണ്ടെങ്കിൽ ബോധിപ്പിക്കണമന്നു കാണിച്ച് നോട്ടീസ് കൊടുക്കണം. തെളിവെടുത്ത് തർക്കങ്ങൾ കേട്ട് കളക്ടർ ഒരു തീരുമാനത്തിൽ എത്തേണ്ടതാണ്. തടവിൽ പാർപ്പിക്കുന്നതിന് ഉത്തരവിടുന്നതിനു മുമ്പായി 30 ദിവസത്തിനകം കുടിശ്ശിക തീർക്കുന്നതിന് കുടിശ്ശികക്കാരന് അവസരം കൊടുക്കേണ്ടതാണ്. എന്നാൽ അപ്രകാരം സാവകാശം കൊടുക്കുമ്പോൾ കളക്ടർക്ക് യുക്തമെന്നു തോന്നുന്ന ജാമ്യം ആവശ്യപ്പെടാം. സർക്കാരിന്റെ വികസനപദ്ധതികൾ അനുസരിച്ച് ബാങ്കിൽ നിന്നും കൊടുക്കുന്ന തുക റവന്യൂ റിക്കവറി ആക്ടനുസരിച്ച് ഈടാക്കാവുന്നതാണ്.

# 50TH WEDDING ANNIVERSARY



**സെബാസ്റ്റ്യൻ പോത്തൻ (കുട്ടപ്പൻ) & മേരിക്കുട്ടി സെബാസ്റ്റ്യൻ (കുഞ്ഞുമേരി)**

വടക്കുംമുറി, പൊൻകുന്നം

പ്രാർത്ഥനാശംസകളോടെ മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

# സ്നേഹസ്മരണയ്ക്ക്



## കെ. ജെ. മാത്യു

**കടപ്പൂര്,**

ഇടത്തംപറമ്പ്

മരണം: 4-12-2017

നിങ്ങളുടെ പ്രാർത്ഥനയിൽ
എന്നെയും ഓർക്കണമെ.

പ്രൊപ്രൈറ്റർ:
കുഞ്ഞുമോൻ കടുവാതൂക്കിൽ

# Ecoline

## 20th-Mile, ponkunnam

**Mob: 8156831421, 9446021421**

## എല്ലാവിധ വാഹനങ്ങളുടെയും

# വാട്ടർ സർവ്വീസ്




**പ്രവർത്തന സമയം:**
**രാവിലെ 8 മുതൽ വൈകുന്നേരം 6 വരെ.**

